# പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.524**

**29/10/2019 ൽ മറുപടി നൽകേണ്ടത്**

## സാമൂഹ്യക്ഷേമ പെൻഷൻ

**ചോദ്യം**

ശ്രീ. വി ജോയി

**മറുപടി**

ഡോ. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഈ കഴിഞ്ഞ ഓണത്തിന് സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ? | ഈ വർഷത്തെ (2019) ഓണക്കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1579.04 കോടി രൂപയും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡിലെ പെൻഷൻ നൽകിയ ഇനത്തിൽ 224.9 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ സാമൂഹ്യ ക്ഷേമ പെൻഷൻ കൈപറ്റുന്നവർ എത്രയെന്ന് വ്യക്തമാക്കാമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്ന 4671816 പേരും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ കൈപറ്റുന്ന 656609 പേരും ഉണ്ട് . |

**സെക്ഷൻ ഓഫീസർ**